**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3514** | **11-12-2018-ൽ മറുപടിക്ക്**

## ജൈവ വൈപ്പിൻ പദ്ധതി

**ചോദ്യം**
**ശ്രീ.എസ്. ശർമ്മ**

**മറുപടി**
**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കൃഷിവകുപ്പിന്റെ അനുവാദം കിട്ടിയ ജൈവ വൈപ്പിൻ പദ്ധതി നടപ്പിൽ വരുത്തുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കെ.എൽ.ഡി.സി മുഖേന നടപ്പിലാക്കുന്ന ജൈവ വൈപ്പിൻ പദ്ധതിയിൽ അംഗീകാരം ലഭിച്ച 10 വർക്കുകളിൽ 9 എണ്ണം പാടശേഖരങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടിയുള്ളതാണ്. പ്രസ്തുത ജോലികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ബാക്കിയുള്ള ഒരു വർക്ക് വൈപ്പിൻ മേഖലയിലെ 5 പഞ്ചായത്തുകളിലെ 9 തോടുകൾ, വീരൻപുഴ എന്നിവിടങ്ങളിലെ ഡിസിൽറ്റിംഗ് വർക്ക് ആണ്. പ്രസ്തുത വർക്കിന് CREZ Clearance ലഭിച്ചിട്ടില്ല. തോടുകളിൽ നിന്നും നീക്കുന്ന ചെളി ശേഖരിക്കുന്നതിന് പോർട്ട് ട്രസ്റ്റിന്റെ ഡ്രംപിംഗ് യാർഡ് ലഭിക്കുന്നതിനുള്ള അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുള്ളതാണ്. പ്രസ്തുത അനുമതി ലഭിച്ചാൽ മാത്രമേ CREZ സ്റ്റേ നീക്കി ഡിസിൽറ്റിംഗ് പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ .<br>നബാർഡ് ആർഐ.ഡി.എഫ് XX ൽ ഉൾപ്പെടുത്തി കൃഷി വകുപ്പിന്റെ അനുവാദം ലഭ്യമായ ജൈവ വൈപ്പിൻ പദ്ധതിയ്ക്ക് KCZMA യുടെ സ്റ്റോപ്പ് മെമ്മോയും ഹൈക്കോടതിയിൽ നിലവിലുള്ള രണ്ട് കേസുകളുമാണ് തടസ്സങ്ങളായിട്ടുള്ളത്. KCZMA യുടെ പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്നതിലേക്കായി NCESS മുഖാന്തിരം CRZ സ്റ്റാറ്റസ് റിപ്പോർട്ടുകൾ, മാപ്പുകൾ ഇവ കെ.എൽ.ഡി.സി സമർപ്പിച്ചെങ്കിലും |

| | | | |
|---|---|---|---|
| | | | കൂടുതൽ വിവരങ്ങൾ ഉൾപ്പെടുത്തി പവർ പോയിന്റ് പ്രസന്റേഷൻ നടത്തുന്നതിന് നിർദ്ദേശിച്ചിരുന്നു. 04-04-2018 ൽ കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിലെ തീരുമാന പ്രകാരം 04-05-2018 ൽ വൈപ്പിൻ എം.എൽ.എ യുടെ സാന്നിദ്ധ്യത്തിൽ എറണാകുളം ജില്ലാ കളക്ടറുടെ ചേമ്പറിൽ ഒരു യോഗം ചേരുകയും ജൈവ വൈപ്പിൻ പദ്ധതിയോടനുബന്ധിച്ച് വീരംപുഴയുടെ ആഴം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട ലഭ്യമാകുന്ന ഡ്രെഡ്ജിംഗ് മെറ്റീരിയൽ താൽക്കാലികമായി സൂക്ഷിക്കാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലം സ്വീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയതിന്മേൽ തുടർ നടപടികൾക്കായി കൊച്ചിൻ പോർട്ട് ട്രസ്റ്റ് ചെയർമാന് കത്ത് നൽകിയെങ്കിലും ആദ്യം അനുവാദം ലഭിച്ചിരുന്നില്ല. എന്നാൽ ഇക്കാര്യം പുനപരിശോധിക്കണമെന്ന് കെ.എൽ.ഡി.സി അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കെ.എൽ.ഡി.സിയുടെ കത്ത് ഇപ്പോൾ പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. |
| (ബി) | കാർഷിക ഉത്പാദനത്തിനും മൽസ്യ ഉൽപ്പാദനത്തിനും ഇരട്ട പ്രാധാന്യവും കാർഷിക മേഖലയ്ക്ക് ജൈവ സവിശേഷതയും ഉറപ്പുവരുത്തുന്ന പ്രസ്തുത പദ്ധതിയുടെ തുടർ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വിശദമാക്കാമോ? | (ബി) | താൽകാലികമായി മണ്ണ് ശേഖരിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മണ്ണ് മാറ്റുന്നതുൾപ്പെടെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി KCZMA യുടെ പവർ പോയിന്റ് പ്രസന്റേഷൻ ഉടനടി നടത്തുന്നതാണെന്നും KCZMA യുടെ അനുമതി ലഭിച്ചാൽ കോടതിയിൽ നിലവിലിരുന്ന കേസുകളിൽ തീരുമാനമുണ്ടാകുമെന്നും പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. . |

Sreedathan

സെക്ഷൻ ഓഫീസർ